<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പത്തൊൻപതാം സമ്മേളനം**</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **60** | **02.03.2020**– ൽ മറുപടിക്ക് |
|---|---|

<u>**റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണം**</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. ജോയി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് ഓരോ വകുപ്പിനും പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) & (ബി) | റീബിൽഡ് കേരള പദ്ധതിയിൽ പുനർനിർമാണ പദ്ധതികൾക്കായി വകുപ്പുതിരിച്ച് മുൻകൂർ ഫണ്ട് അനുവദിച്ചിട്ടില്ല. സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുക്കുന്നത്. വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് വകുപ്പുകൾക്കു ഫണ്ട് അനുവദിക്കുകയാണു ചെയ്യുന്നത്.<br>റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യു വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് എത്ര രൂപ വീതമെന്നും ഏതെല്ലാം വകുപ്പുകൾക്കാണെന്നും വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**